# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3449

16.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതിവിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. പി.കെ ഗുരുദാസൻ<br>ശ്രീ. വി ശിവൻകുട്ടി<br>ശ്രീ.കെ രാധാകൃഷ്ണൻ | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടുന്ന പദ്ധതി വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷൻ നടത്തിയ ശിപാർശകൾക്കനുസൃതമായിട്ടാണോ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ ; | എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി സംസ്ഥാനത്തിന്റെ വിഭവം കണക്കിലെടുത്താണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. |
| ബി) കമ്മീഷന്റെ ശിപാർശപ്രകാരം എത്ര ശതമാനം തുകയാണ് 2011-12 മുതലുള്ള ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കേണ്ടിവരുന്നത് ; ഓരോ വർഷവും അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ; | ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക കുറയുന്നത് അധികാര വികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി)നീക്കിവയ്ക്കുന്ന തുക കുറയുന്നില്ല, എന്നതിനാൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | വികസന ഫണ്ട് | | മെയിന്റനൻസ് ഫണ്ട് | | ജനറൽ പർപ്പസ് ഫണ്ട് | | ട്രഷറിയിൽ നിന്നും പിൻവലിച്ച ആകെ തുക (രൂപയിൽ) |
|---|---|---|---|---|---|---|---|
| | കമ്മിഷൻ ശിപാർശയ്ക്കനുസരിച്ച് നീക്കി വയ്ക്കേണ്ടത് | അനുവദിച്ചത് (കോടിയിൽ) | കമ്മിഷൻ ശിപാർശയ്ക്കനുസരിച്ച് മെയിന്റൻസ് ഫണ്ട് നീക്കി വയ്ക്കേണ്ടത് | അനുവദിച്ചത് (കോടിയിൽ) | കമ്മിഷൻ ശിപാർശയ്ക്കനുസരിച്ച് ജനറൽ പർപ്പസ് ഫണ്ട് നീക്കി വയ്ക്കേണ്ടത് | അനുവദിച്ചത് (കോടിയിൽ) | |
| 2011-12 | സംസ്ഥാന പദ്ധതി അടങ്കലിന്റെ 25% | 2549 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 4.5% | 713 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% | 622 | 43938449210 |
| 2012-13 | സംസ്ഥാന പദ്ധതി അടങ്കലിന്റെ 27.5% | 3070 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5% | 1039 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% | 758 | 46140908449 |
| 2013-14 | സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.5% | 3948 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5% | 1387 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% | 900 | 69203102586 |
| 2014-15 | സംസ്ഥാന പദ്ധതി അടങ്കലിന്റെ 29.5% | 4859 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5% | 1542 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% | 1052 | 70796964683 |
| 2015-16 | സംസ്ഥാന പദ്ധതി അടങ്കലിന്റെ 30% (14.12.2015 വരെ) | 2573 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5% | 1164 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% (14.12.2015 വരെ) | 730 | 41430941180 |

സെക്ഷൻ ഓഫീസർ